## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *571      28.03.2018-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ :<br>ശ്രീമതി യു. പ്രതിഭ ഹരി :<br>ശ്രീ.എം. മുകേഷ് :<br>ശ്രീ. വി. അബ്ദുറഹിമാൻ : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ജനസാന്ദ്രത കൂടിയ തീരദേശ മേഖലയിൽ തീരദേശ പരിപാലന നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. 2011 ജനുവരി 6 ന് തീരദേശ നിയന്ത്രണ വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചു. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ.ഷൈലേഷ് നായിക് അധ്യക്ഷനായി 2014 ജൂൺ 17 ന് കേന്ദ്ര സർക്കാർ ഒരു സമിതി രൂപീകരിച്ചു. ടി സമിതി 2014 ആഗസ്റ്റ് 22 ന് കേരളം സന്ദർശിക്കുകയും ബഹു. മുഖ്യമന്ത്രിയുമായും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ ഉദ്യോഗസ്ഥരുമായും CRZ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ചചെയ്തു. 2014 ഒക്ടോബർ 27 ന് കേരളമുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ന്യൂഡൽഹിയിൽ വച്ച് വീണ്ടും ചർച്ച നടത്തി. അതിന് |

| | | | |
|---|---|---|---|
| | | | ശേഷം 2015 ജനുവരിയിൽ തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവു നൽകുന്നതിന് ശുപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കമ്മിറ്റി സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | തദ്ദേശസ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകിയിട്ടുള്ളതും കരം ഒടുക്കിയിട്ടുള്ളതുമായ വീടുകൾ പൊളിച്ചുമാറ്റി അതേസ്ഥലത്ത് പുതിയ വീടുകൾ നിർമ്മിക്കാനുള്ള അംഗീകാരത്തിനായി തീരദേശത്ത് പരമ്പരാഗതമായി താമസിച്ചുവരുന്നവർ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുള്ള നിരവധി അപേക്ഷകളിൽ മാസങ്ങളായിട്ടും തീരുമാനമുണ്ടാകാത്തതിനാൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ CRZ Clearance -നു വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടികിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കി വരികയാണ്. |
| (സി) | കേരള തീരത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ദൂരപരിധിയിലും മറ്റ് നിബന്ധനകളിലും ഇളവ് നൽകുന്നതിനും തീരദേശത്തിന്റെ പശ്ചാത്തലവികസനം ഉറപ്പാക്കുന്നതിനും അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കുമോ? | (സി) | തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ കേന്ദ്ര സർക്കാരിന് മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ കേരളതീരത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ദൂരപരിധിയിലും മറ്റും ഉള്ള തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിലെ |

വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**